സ്റ്റാമ്പ്ഡ്യൂട്ടി ഒഴിവാക്കിക്കിട്ടാൻ അപേക്ഷ

37 (303)ശ്രീ. തമ്പാനൂർ രവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ജെംസ് ഫൗണ്ടേഷൻ എന്ന ചാരിറ്റബിൾ സൊസൈറ്റി ആയിരം സാധുക്കൾക്ക് രണ്ട് സെന്റ് ഭൂമി സൗജന്യമായി വീടുവയ്ക്കാൻ നല്കുന്നതിനുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കി കിട്ടാൻ അപേക്ഷ നൽകിയിരുന്നോ;

(ബി) ഉണ്ടെങ്കിൽ വസ്തുക്കൾ പരിശോധിച്ച് അതിന്മേൽ ഉചിതമായ തീരുമാനം അടിയന്തിരമായി കൈക്കൊള്ളുമോ?

ഉത്തരം

(എ)ആന്റ്(ബി) അപേക്ഷ ലഭിച്ചിട്ടുണ്ട്. ആയത് നിയമാനുസൃതം പരിശോധിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

മദ്യവ്യവസായം

38 (306) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യവ്യവസായത്തിൽ 2000-2001 വർഷത്തിൽ എത്ര സംഖ്യയാണ് ലേവിത്തിൽ ലഭിച്ചിട്ടുള്ളത്. ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(ബി) വിദേശമദ്യഷാപ്പുകൾ, കള്ളുഷാപ്പുകൾ, ബാറുകൾ എന്നിവയുടെ ലേലസംഖ്യ എത്ര;

(സി) സംസ്ഥാനത്ത് എത്ര റേഞ്ചുകളിൽ കള്ളുഷാപ്പുകൾ ലേലത്തിൽ പോകാതിരുന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇവിടെ ഏർപ്പെടുത്തിയ പകരം സംവിധാനം എന്താണ്;

(ഡി) സംസ്ഥാനത്ത് ഏതെങ്കിലും വിദേശമദ്യഷാപ്പ് ലേലത്തിൽ പോകാതിരുന്നിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം; ഇവിടെ ഏർപ്പെടുത്തിയ പകരം സംവിധാനം എന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2000-2001 വർഷത്തെ മദ്യവ്യവസായത്തിൽ 269,40,04,182 രൂപ ലഭിച്ചു. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) വിദേശമദ്യഷാപ്പുകളുടെ ലേലത്തുക 122,95,97,103 രൂപയും കള്ളുഷാപ്പുകളുടെ ലേലത്തുക 1,46,44,07,079 രൂപയും ആണ്. ബാറുകളുടെ വാർഷിക ഫീസ് ബാറൊന്നിന് 13 ലക്ഷം രൂപ വീതമാണ്.

(സി)ആന്റ്(ഡി) തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് റേഞ്ചിലെ കള്ളുഷാപ്പുകൾ ലേലത്തിൽ പോയിട്ടില്ല. കൂടാതെ ചേർപ്പ് റേഞ്ചിലെ കള്ളുഷാപ്പുകൾ ലേലത്തിൽ പോയെങ്കിലും കരാറുകാരൻ ഷാപ്പുകൾ ഏറ്റെടുക്കാൻ വരാതിരുന്ന സാഹചര്യത്തിൽ ടി ഷാപ്പുകളും അടഞ്ഞുകിടക്കുകയാണ്. ഈ ഷാപ്പുകൾ ഡിപ്പാർട്ടുമെന്റ് മാനേജ്മെന്റിൽ നടത്തുന്നതോടൊപ്പം തൊഴിലാളിയൂ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ണിയൻ പ്രതിനിധികളുടെ ഒരു കമ്മിറ്റിയുണ്ടാക്കി ഷാപ്പുകളുടെ നടത്തിപ്പ് അവരെ ഏൽപ്പിച്ചുകൊടുക്കുന്നതിനുള്ള ശ്രമങ്ങളും നടന്നു വരുന്നു. എല്ലാ വിദേശ മദ്യഷാപ്പുകളും ലേലത്തിൽ പോയിട്ടുണ്ട്.

കിസ്ത് കുടിശ്ശിക

39 (308) ശ്രീ. കെ. സുധാകരൻ :

ശ്രീമതി ശോഭനാ ജോർജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30.4.2000-ലെ കണക്കനുസരിച്ച് കിസ്ത് കുടിശ്ശികയിനത്തിൽ എന്തുതുക പിരിഞ്ഞുകിട്ടാനുണ്ട്;

(ബി) പ്രസ്തുത തീയതിയിൽ അൻപതിനായിരം രൂപയിൽ അധികം കുടിശ്ശികയുളളവർ ആരെല്ലാമാണെന്നും ഓരോരുത്തരും വരുത്തിയ കുടിശ്ശിക എത്രയാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ)ആന്റ്(ബി) വിവരം ശേഖരിച്ചുവരുന്നു.

വാഹന പരിശോധന

40 (312) ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെകാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെക്ക് പോസ്റ്റുകൾ വഴിവരുന്ന നൂറുകണക്കിന് വാഹനങ്ങൾ തടഞ്ഞു നിർത്തി സ്പിരിറ്റാണോ മദ്യമാണോ വാഹനത്തിനുളളിലുളളതെന്ന് അറിയാൻ എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുളളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

കേരളത്തിലെ പ്രധാനപ്പെട്ട എക്സൈസ് ചെക്ക് പോസ്റ്റുകളിൽ ഒരോ എക്സൈസ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിലുളള സ്റ്റാഫിനെ വാഹനങ്ങൾ പരിശോധിക്കുന്നതിനായി നിയോഗിച്ചിട്ടുണ്ട് നൂറുകണക്കിന് വാഹനങ്ങൾ ഒരേ സയമം കടന്നുപോകുന്നതിനാൽ എല്ലാ വാഹനങ്ങളും പരിശോധിക്കുന്നതിന് സാധ്യമല്ലെങ്കിലും സംശയമുളളവയെ മാറ്റിനിർത്തി പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ഈ പരിശോധന ഫലപ്രദവും കാര്യക്ഷമവുമായിട്ടാണ് നടന്നുവരുന്നത്.

മുൻസിപ്പാലിറ്റികളിൽ ബാർ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

41 (313) ശ്രീ. പി. വിശ്വൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകളില്ലാത്ത മുൻസിപ്പാലിറ്റികളിൽ ബാർ ഏർപ്പെടുത്തിയ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസ്റ്റ് പ്രാധാന്യമുളള കൊയിലാണ്ടി താലൂക്കിലെ കാപ്പാട്, കോട്ടയ്ക്കൽ, കൊയിലാണ്ടി ടൗൺ എന്നിവിടങ്ങളിൽ ബാർ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly